**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **19-09-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനത്തിനനുസൃതമായ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകൾ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തരത്തിൽ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | റോഡുകളുടെ സുസ്ഥിര വികസനത്തിനായി കൂടുതൽ കാലം ഈട്ടു നിൽക്കുന്ന BM & BC നിലവാരത്തിലേയ്ക്ക് നിലവിലുള്ള റോഡുകളെ ഘട്ടംഘട്ടമായി ഉയർത്തി വരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനായി 26.03.2018 -ലെ GO (Rt) No. 527/2018/PWD പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് പ്രവർത്തികൾക്കായി അവലംബിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ **അനുബന്ധം- I-ൽ** ചേർക്കുന്നു.<br><br>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI), കേരള സർവ്വകലാശാലയിലെ ജിയോളജി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തരത്തിൽ പുനരുദ്ധരിക്കുന്നതിന് വേണ്ടി ഹോട്ട് മിക്സ് അസ്ഫാൾട്ടിന്റെ (HMA) ഈർപ്പ സംവേദനക്ഷമത സംബന്ധിച്ച് രണ്ട് ഘട്ടങ്ങളിലായി വിവിധ ജില്ലകളിൽ ഗവേഷണ പഠനം നടത്തി. ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടം ഒക്ടോബർ 2023-ൽ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടം പുരോഗമിച്ചു വരികയാണ്. അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു.<br><br>2018 ജൂലൈ -ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോക ബാങ്കുകളുടെ ധനസഹായത്തോടെ പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് 29 റോഡുകൾ ഒന്നാം |

| | | | |
|---|---|---|---|
| | | | ഘട്ടത്തിൽ കെ.എസ്.ടി.പി. മുഖേന പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ എന്നിവയെ പ്രതിരോധിക്കുന്ന തരത്തിലാണ് പ്രസ്തുത റോഡുകൾ നിർമ്മിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകാവുന്ന പ്രളയം, മണ്ണിടിച്ചിൽ എന്നിവയെ പ്രതിരോധിക്കുന്നതിന് PQC, soil nailing and grouting, Geo textiles soil stabilization തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയാണ് റോഡുകൾ നിർമ്മിക്കുന്നത്.<br><br>മഴക്കാലം മൂലം ഉണ്ടാകുന്ന വെള്ളക്കെട്ട് അതിജീവിക്കുന്നതിനായി പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉപരിതലം ഉയർത്തിയാണ് കെ.ആർ.എഫ്.ബി റോഡുകൾ നിർമ്മിക്കുന്നത്.<br><br>പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗത്തിൻ കിഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്പാത്തുകൾ, മറ്റ് സുരക്ഷ മുൻകരുതലുകൾ എന്നിവയും ഉൾപ്പെടുത്തി ബി.എം & ബി.സി പോലുള്ള നവീന രീതികൾ ഉപയോഗിച്ച് ശാസ്ത്രീയ രീതിയിൽ ആണ് നിർമ്മിക്കുന്നത്. നവീന സാങ്കേതിക വിദ്യകളായ ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചിട്ടുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിങ് നിർമ്മാണ രീതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | വെബ് അധിഷ്ഠിത റോഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | വെബ് അധിഷ്ഠിത റോഡ് മാനേജ്മെന്റ് സംവിധാനമായ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) 2021 ഡിസംബറിൽ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി IROADS എന്ന സോഫ്റ്റ് വെയർ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി സോഫ്റ്റ് വെയർ ലഭ്യമാക്കിയ സ്ഥാപനവുമായി പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള കെ.എസ്.റ്റി.പി 05.06.2020-ന് 8 വർഷ കാലയളവിലേയ്ക്ക് കരാർ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ നടത്തിപ്പ് ചുമതല പൊതുമരാമത്ത് ഭരണവിഭാഗത്തിനു കിഴിലുള്ള e-Governance Cell ന് ആണ്.ഇതിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**RMMS-ൽ** ചുവടെപ്പറയുന്നവ ഉൾപ്പെടുന്നു. കൂടുതൽ വിശദാംശങ്ങൾ **അനുബന്ധം-II**-ൽ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | കേരള പിഡബ്ല്യുഡി കൈകാര്യം ചെയ്യുന്ന റോഡ് ശൃംഖലയുടെ ഡിജിറ്റൈസേഷൻ (ഏകദേശം 31,000 കിലോമീറ്റർ )റോഡ് ശൃംഖലയുടെ റോഡ് ഇൻവെന്ററി ഡാറ്റ, കോർ റോഡ് നെറ്റ് വർക്കിലെ (ഏകദേശം 7,000) റോഡ് അവസ്ഥ ഡാറ്റ (പരുക്കൻ, റാവലിംഗ്, കുഴികളുടെ ആഴം, വിള്ളലുകൾ, കുഴികൾ, അരികുകളിലെ പൊട്ടലുകൾ മുതലായവ), ഏകദേശം 100-ലധികം സ്ഥലങ്ങളിലെ ട്രാഫിക് ഡാറ്റ, പൊതുമരാമത്ത് നെറ്റ് വർക്കിലെ പ്രശ്നങ്ങൾ ഉന്നയിക്കാൻ പൗരൻമാർക്കുള്ള മൊബൈൽ ആപ്പ്ളിക്കേഷൻ (PWD4U), സൈറ്റ് പരിശോധന, ഡാറ്റ റെക്കോർഡ്, ഡാറ്റ വിശകലനം എന്നിവയ്ക്കായി പൊതുമരാമത്ത് എഞ്ചിനീയർമാർക്ക് ഉപയോഗിക്കുന്നതിന് മൊബൈൽ ആപ്പ്ളിക്കേഷൻ - iROADS മൊബൈൽ ആപ്പ്, ബ്രിഡ്ജ് ഡാറ്റ എന്നിവ ഈ സംവിധനത്തിലൂടെ ക്രമീകരിച്ചിട്ടുണ്ട്.<br><br>നെറ്റ് വർക്കിൽ എത്രത്തോളം മോശം, ന്യായമായ അല്ലെങ്കിൽ നല്ല അവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. റോഡ് അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡ് വിഭാഗങ്ങളുടെ ജിയോ-റഫറൻസ്സ് സ്ഥാനം അറിയാൻ കഴിയും.<br><br>RoWവിലെ മറ്റെല്ലാ ആസ്തികളുടെ ജിയോറഫറൻസ്സ് സ്ഥാനം, ഇൻവെന്ററി, അവസ്ഥ വിശദാംശങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിക്കും.<br><br>ഒരു നിശ്ചിത ബജറ്റ് സാഹചര്യത്തിൽ ഒപ്റ്റിമൽ പ്രകടന ഔട്ട്പ്പുട്ടുകൾ നൽകുന്ന വാർഷിക, മൾട്ടി-വർഷ റോഡ് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കുക.<br><br>നെറ്റ് വർക്കിലെ ഗതാഗതക്കുരുക്ക് മനസ്സിലാക്കുക, അതായത്, ഗതാഗത ശേഷിയെ അടിസ്ഥാനമാക്കി റോഡ് വാർഷിക, ബഹു - വാർഷിക റോഡ് നവീകരണ പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കും.<br><br>പാലങ്ങളുടെ അവസ്ഥ മനസ്സിലാക്കുകയും വാർഷിക, ബഹു - വാർഷിക പാലം- കൾവെർട്ട് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ പാലത്തിന്റെയും കൾവെർട്ടിന്റെയും അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകുവാനും സഹായിക്കും.<br><br>റോഡ്, പാലം, കൾവെർട്ട് അറ്റകുറ്റപ്പണികളിൽ കാലാവസ്ഥാ പ്രതിരോധം ഉൾപ്പെടുത്തുവാൻ സാധിക്കും. |
| (സി) | റോഡുകൾ ശക്തിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം | (സി) | റോഡുകൾ ശക്തിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | ഒഴിവാക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി വിവിധ പദ്ധതികളും അറ്റകുറ്റപ്പണികളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. കൂടുതൽ കാലം ഈട് നിൽക്കുന്ന BM & BC റോഡുകൾ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ തയ്യാറാക്കി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചിട്ടുണ്ട്. DLP കാലയളവിലല്ലാത്ത റോഡുകളെ പരിപാലിക്കുന്നതിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും Running Contract പ്രവൃത്തികളും പ്രീമൺസൂൺ പ്രവൃത്തികളും ഫലപ്രദമായി നടപ്പിലാക്കി വരുന്നു. RKI പദ്ധതി വഴി K.S.T.P നടപ്പാക്കുന്ന റോഡുകൾ ഒരു വർഷത്തെ DLP ഉൾപ്പെടെ അഞ്ചു വർഷത്തെ പരിപാലന കാലാവധിയുള്ളതാണ്. പരിപാലന കാലാവധിയിൽ കരാറുകാരൻ തന്നെ റോഡിന്റെ പരിപാലനവും നിർവ്വഹിക്കുന്നു. പരിപാലന കാലാവധിയ്ക്കു ശേഷം ടി റോഡുകൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറുന്നു.<br><br>പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും pot hole ഇല്ലാതെ സംരക്ഷിക്കപ്പെടുക എന്ന ഉദ്ദേശ്യത്തോട് കൂടി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം മഴക്കാലത്തിനുശേഷം ഉണ്ടാകാൻ സാധ്യത ഉള്ള തകരാറുകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് അടങ്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ താമസംവിനാ അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കാൻ സാധിക്കാറുണ്ട്. പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതു ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽ തന്നെ ആയത് ഉടനടി പുന:സ്ഥാപിക്കുന്നതിനുമായി വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും റോഡ് പുനസ്ഥാപിക്കുന്നതിനുമായി പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ GO (MS) No.11/2023/PWD dated 14.02.2023, GO (MS) 46/2023/PWD dated 14.09.2023 സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കി വരുന്നു. പൂർത്തിയാക്കിയ പ്രവൃത്തികളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ DLP കാലാവധിക്കുള്ളിൽപ്പെടുന്നവ അതത് കരാറുകാരെക്കൊണ്ട് അവരവരുടെ ചെലവിൽ തന്നെ ചെയ്യിക്കാറുണ്ട്. DLP കാലാവധി കഴിഞ്ഞ പ്രവൃത്തികളിൽ RC work/ Pre monsoon പ്രവൃത്തികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കി, പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കി വരുന്നു.<br><br>കെ.ആർ.എഫ്.ബി റോഡുകൾ ശക്തിപ്പെടുത്തുന്നതിനായി റോഡിന്റെ subgrade, subbase, base,surface എന്നീ ലെയറുകൾ Traffic-ന്റെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി ഡിസൈൻ ചെയ്തു നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റീ-സൈക്ലിംഗ് മെറ്റീരിയൽസ് പരമാവധി ഉപയോഗിക്കുകയും, ചിലവ് കുറഞ്ഞ നിർമ്മാണ രീതികൾ ഉപയോഗിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള ദേശീയപാതകൾ ബലപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ Annual Plan Scheme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്തു വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതകളിൽ STMC,PBMC പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് മഴക്കാല പ്രവൃത്തികളും അത്യാവശ്യ റോഡ് നവീകരണ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

1. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിനുപയോഗിക്കുന്ന full depth reclamm technology.
2. Cement stabilized soil ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ രീതി.
3. NRMB ഉപയോഗിച്ചുള്ള നിർമ്മാണ രീതി.
4. പരിസ്ഥിതിക്ക് ഹാനികരമാകുന്ന ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ രീതി. ഇതു മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കാൻ സാധിക്കും.
5. കയർ ഭൂവസ്ത്രം, perforated vertical drain ഉപയോഗിച്ചുള്ള നിർമ്മാണ രീതി.
6. ജർമ്മൻ നിർമ്മിത മില്ലിങ് യന്ത്രം ഉപയോഗിച്ചുള്ള cold-in- place recycling നിർമ്മാണ രീതി .
7. കനത്ത ചൂട്, മഴ മൂലമുണ്ടാകുന്ന ഉറവകൾ, കൊടും തണുപ്പ് എന്നിവ അതിജീവിക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ investigation, design എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കൃത്യമായ ഡ്രെയിനേജിനായി filter media, Drainage pits എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതിയും അവലംബിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-II

**RMMS താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.**

1. PWD യുടെ ആസ്തി (പോയിന്റ്, ലീനിയർ) എന്തൊക്കെയാണ്?

ഇതിൽ റോഡ് ഇൻവെന്ററി ഡാറ്റ (നീളം, വീതി, നിർമ്മാണ പാളികളുടെ ആഴം മുതലായവ), പാലങ്ങൾ, കൽവെർട്ടുകൾ, ജിയോ-റഫറൻസ് ചെയ്ത സ്ഥാനം, ക്രാഷ് ബാരിയറുകൾ, പാലങ്ങൾ, കൽവെർട്ടുകൾ, സംരക്ഷണ ഭിത്തികൾ മുതലായവയുടെ നീളം എന്നിവയുൾപ്പെടെയുള്ള മറ്റ് എല്ലാ ആസ്തികളുടെ വിശദാംശങ്ങളും ഉൾപ്പെടുന്നു.

2. ഈ ആസ്തികളുടെ അവസ്ഥ എന്താണ്?

വാർഷിക അടിസ്ഥാനത്തിൽ കണ്ടീഷൻ ഡാറ്റ ശേഖരിച്ചാണ് ഇത് വിലയിരുത്തുന്നത്.

3. ഈ ആസ്തികളുടെ പ്രകടനം എങ്ങനെ അളക്കാം?

RMMS-ൽ ലഭ്യമായ വിശകലന ഉപകരണങ്ങൾ (Analysis Tools) ഉപയോഗിക്കുന്നു.

4. റോഡ് ശൃംഖലയുടെ നിലവിലെ അവസ്ഥയെ അടിസ്ഥാനമാക്കി അടുത്ത 5 - മുതൽ 10 വർഷത്തേക്കുള്ള അറകുറ്റപ്പണി പദ്ധതി എന്തായിരിക്കും?

RMMS-ലെ വിശകലന ഉപകരണങ്ങൾ ഉപയോഗിച്ച് ഉരുത്തിരിഞ്ഞു വരാം.

5. നെറ്റ് വർക്ക് ശേഷി മെച്ചപ്പെടുത്തുന്നതിനായി റോഡ് ശൃംഖലയുടെ ഏതൊക്കെ വിഭാഗങ്ങളാണ് നവീകരിക്കേണ്ടത്?

RMMS-ൽ സംഭരിച്ചിരിക്കുന്ന ട്രാഫിക്, ഇൻവെന്ററി ഡാറ്റയിൽ നിന്ന് ഉരുത്തിരിഞ്ഞുവരാം.

6. റോഡ് ശൃംഖലയുടെ ഡിജിറ്റൈസേഷൻ ഇതുവരെ എത്രത്തോളം സഹായിച്ചിട്ടുണ്ട്?

PWD4U മൊബൈൽ ആപ്പ് വഴി പൊതുജനങ്ങൾ ഒരു പ്രശ്നം ഉന്നയിച്ചാൽ, പരാതി ഉന്നയിക്കുന്ന നെറ്റ് വർക്കിലെ ആ പോയിന്റിന്റെ ചുമതലയുള്ള AE, AEE, EE എന്നിവർക്കാണ് സന്ദേശം നേരിട്ട് എത്തുന്നത്. റോഡ് ശൃംഖലയുടെ ഡിജിറ്റൈസേഷനു ശേഷം മാത്രമാണ് ഇത് സാധ്യമായത്. റോഡ് വിവരങ്ങൾ, റോഡ് സെക്ഷന്റെ നീളം, വീതി, ഷോൾഡർ വീതി, ഫുട്ട്പാത്ത്, ഡ്രെയിനിന്റെ നീളം, ഡ്രെയിനിന്റെ തരം, റോഡിന്റെ തരം, റോഡിന്റെ വർഗ്ഗീകരണം മുതലായവ ഉൾപ്പെടെയുള്ള എല്ലാ റോഡ് ഇൻവെന്ററി ഡാറ്റയും റെക്കോർഡു ചെയ്യാനും (ജിയോ-റഫറൻസ് ചെയ്ത) ഡിജിറ്റൈസ് ചെയ്ത റോഡ് നെറ്റ് വർക്കിന് കഴിയും. അത്തരം ഡാറ്റ ക്യാപ്ചർ പൊതുമരാമത്തു വകുപ്പിന് എല്ലാ വർഷവും റോഡ് അറ്റകുറ്റപ്പണികളിലും നവീകരണത്തിലും അറിവുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് സമഗ്രമായ വിവരങ്ങൾ നൽകും.

7. ഡാറ്റ ശരിയായി രേഖപ്പെടുത്തുകയും RMMS അതിന്റെ ഒപ്റ്റിമൽ ഉപയോഗത്തിനായി പരിപാലിക്കുകയും ചെയ്താൽ, കേരള ആർഎംഎംഎസിന് പൊതുമരാമത്ത് വകുപ്പിൽ എന്തുചെയ്യാൻ കഴിയും?

- നെറ്റ് വർക്കിന്റെ നീളം എത്രത്തോളം മോശം, ന്യായമായ അല്ലെങ്കിൽ നല്ല അവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. കൂടാതെ, റോഡ് അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡ് വിഭാഗങ്ങളുടെ ജിയോ-റഫറൻസ് സ്ഥാനം അറിയാൻ കഴിയും.
- RoW വിലെ മറ്റെല്ലാ ആസ്തികളുടെ ജിയോറഫറൻസ്സ് സ്ഥാനം, ഇൻവെന്ററി, അവസ്ഥ വിശദാംശങ്ങൾ എന്നിവ മനസ്സിലാക്കാം.
- ഒരു നിശ്ചിത ബജറ്റ് സാഹചര്യത്തിൽ ഒപ്റ്റിമൽ പ്രകടന ഔട്ട്പുട്ടുകൾ നൽകുന്ന വാർഷിക, മൾട്ടി-വർഷ റോഡ് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കാം.

- നെറ്റ് വർക്കിലെ ഗതാഗതക്കുരുക്ക് മനസ്സിലാക്കുക, അതായത്, ഗതാഗത ശേഷിയെ അടിസ്ഥാനമാക്കി റോഡ് വാർഷിക, ബഹു - വാർഷിക റോഡ് നവീകരണ പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കും.
- പാലങ്ങളുടെ അവസ്ഥ മനസ്സിലാക്കുകയും വാർഷിക, ബഹു - വാർഷിക പാലം-കൾവെർട്ട് അറ്റകുറ്റപ്പണി പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ പാലത്തിന്റെയും കൾവെർട്ടിന്റെയും അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകുകയും ചെയ്യാം.
- റോഡ്, പാലം, കൾവെർട്ട് അറ്റകുറ്റപ്പണികളിൽ കാലാവസ്ഥാ പ്രതിരോധം ഉൾപ്പെടുത്തുക എന്നിവ നിർവ്വഹിക്കാനാകും.

**സെക്ഷൻ ഓഫീസർ**